MR. E. K. MADHAVAN (*Parur I—General*) : മേൽപറഞ്ഞ തുക ആ സെക്ഷനിലേക്കാണോ ചെലവായത് അതോ വേറെ ഏതെങ്കിലും സെക്ഷനിലേക്ക കൂടിയാണോ ?

HON'BLE MR. A. ATCHUTHAN : പറവൂർതാലൂക്കിലേക്ക ചെലവാക്കിയതാണ്.

Extension of Electricity.

238. MR. PAUL THALIAT : Will the Honourable Minister for Electricity be pleased to state :

(*a*) whether any application has been received from the peeple of Varapuzha and Kottuvally pakuthies adjoining the Fertilizers and Chemicals Travancore Ltd., for extending electric power to those villages also;

(*b*) if the answer to (a) is in the affirmative when was such an application received; and

(*c*) what action has been taken so far ?

HON'BLE MR. A. ATCHUTHAN : Answer to (a) is yes; (b) on 5-4-1947 and (c) an estimate amounting to about Rs. 45,000/- was prepared and load survey conducted. The extension to the locality however, was proposed to lie over for some time more until line materials become available and load condition better, as the return expected is very poor. The position in regard to these has not improved yet.

MR. PAUL THALIAT : ഓലൻ നീട്ടിത്തരാമെന്ന് രണ്ടു കൊല്ലം മുമ്പു ഗവണ്മെൻറ് വാഗ്ദാനം ചെയ്തിട്ടുള്ളതായി അറിയാമോ ?

HON'BLE MR. A. ATCHUTHAN : ഈ പ്രതിബന്ധം അന്നേ ഉള്ളതാണ്. അതു് ഇപ്പോഴും നീങ്ങിയിട്ടില്ല.

MR. PAUL THALIAT : എന്ന് ആ പ്രതിബന്ധം നീങ്ങും എന്നറിയാമോ ?

HON'BLE MR. A. ATCHUTHAN : അടുത്തകാലത്തു നീങ്ങും.

Electric Lights in Thiruvalla Municipal Town.

239. MR. K. A. MATHEW (*Thiruvalla IV—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരുവല്ലാ മുനിസിപ്പൽ ടൗണിലെ റോഡുകളിൽ കൂടുതൽ ഇലക്ട്രിക്ക് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ തിരുവല്ലാ മുനിസിപ്പാലിറ്റിയിൽനിന്നും ആദ്യമായി ലഭിച്ചതെന്നാണ് ?

(ബി) തുടർച്ചയായി പ്രസ്തുത കാര്യത്തെപ്പറ്റി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mathew.]

(സി) എത്ര വിളക്കുകാൽ സ്ഥാപിക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത് ? അതിൽ എത്ര അനുവദിച്ചിട്ടുണ്ട് ?

(ഡി) അനുവദിച്ചവ തന്നെയും സ്ഥാപിക്കുന്നതിനു കാല വിളംബം വരുത്തുന്നതെന്തുകൊണ്ടാണ് ?

HON'BLE MR. G. RAMACHANDRAN : (എ) വ-ഫ-ഫ ഫ ഫ ഫ.

(ബി) ഉണ്ട്.

(സി) ഇത്രയെണ്ണം വേണമെന്നാവശ്യപ്പെട്ടതിൽ ഫ ഫ ഫ-ൽ ഒ ഇ എണ്ണം അനുവദിച്ചു.

(ഡി) അതിലേക്ക് ആവശ്യമുള്ള പൈപ്പ് മുതലായ സാമാനങ്ങൾ കിട്ടാനുള്ള വിഷമംകൊണ്ടാണ് താമസം ഉണ്ടായത്.

MR. K. A. MATHEW : എന്നത്തേക്ക് ഒ ഇ എണ്ണമെങ്കിലും സ്ഥാപിക്കാൻ സാധിക്കും. ?

HON'BLE MR. G. RAMACHANDRAN : അത് എന്നൊന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതിന് ആവശ്യമുള്ള പൈപ്പുകൾ വേണം.

MR. K. A. MATHEW : അത് എവിടെനിന്നും കിട്ടും ?

HON'BLE MR. G. RAMACHANDRAN : വെളിയിൽനിന്നും കിട്ടും.

MR. K. A. MATHEW : ഇതിനാവശ്യമുള്ള പൈപ്പുകൾ ഇവിടെയുണ്ടോ ?

HON'BLE MR. G. RAMACHANDRAN : ഉണ്ടെങ്കിൽ അനുവദിക്കാം.

വാഴൂർപകുതിയിൽ കാനംപാടം.

240. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ചങ്ങനാശ്ശേരിതാലൂക്കിൽ വാഴൂർപകുതിയിൽ കാനം കരയിൽ ഏകദേശം ൧൨൦ പറ നിലം (കാനംപാടത്തിലെ മകര കൃഷി) വെള്ളത്തിന്റെ അഭാവംനിമിത്തം ഉണങ്ങിപ്പോകുന്നതായി ഗവണ്മെൻറിനറിവുണ്ടോ ?

(ബി) പ്രസ്തുത പാടത്തിലേക്കു വെള്ളം നൽകിക്കൊണ്ടിരുന്ന അമ്പതച്ചിറക്കടവ് രണ്ടു വർഷം മുൻപ് പതിച്ചുകൊടുത്തുപോയതുകൊണ്ടാണ് ഈ കൃഷിനാശം ഉണ്ടാകുന്നതെന്ന് ഗവണ്മെൻറിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly